സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി. 1938/15/പി.ആർ.

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
25/06/2018

## സർക്കുലർ

വിഷയം:- ഉത്സവാദി ആവശ്യങ്ങൾക്ക് എണ്ണ അനുവദിക്കുന്നതിന് യഥാസമയം റിപ്പോർട്ടുകൾ അയയ്ക്കാതിരിക്കുന്നതിനാൽ ബാദ്ധ്യത ഉണ്ടാകുന്നത് സംബന്ധിച്ച്.

ഉത്സവത്തിനും മറ്റു ചടങ്ങുകൾക്കും എണ്ണ അനുവദിക്കുന്നതിനുള്ള റിപ്പോർട്ടുകൾ പലപ്പോഴും ചടങ്ങു കഴിഞ്ഞതിനു ശേഷമാണ് ഈ ആഫീസിൽ ലഭിക്കുന്നത്. ചടങ്ങുകൾ നടത്തേണ്ടത് അത്യാവശ്യമാകയാൽ അനുവാദം ലഭിക്കാതെ തന്നെ എണ്ണ എടുത്തുപയോഗിക്കേണ്ടി വരുന്നു. ആയത് പിന്നീട് ആഡിറ്റ് നടത്തുന്ന അവസരത്തിൽ ചുമതലക്കാരുടെ ബാധ്യതയായി തിട്ടപ്പെടുത്തി വരുന്നു.

മുൻവർഷക്രമം എണ്ണ എടുത്തുപയോഗിക്കുന്നതിന് അനുവാദം നൽകുന്നതിന് അതാതു ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്ക് അധികാരം നല്കി ഉത്തരവുള്ളതാണ്. ആയതിനാൽ കൂടുതലായി എണ്ണ അനുവദിക്കുന്നതിനു മാത്രം ഈ ആഫീസിലേയ്ക്കു റിപ്പോർട്ട് അയച്ചാൽ മതിയാകും. എന്നാൽ പല അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരും ആയതു ശ്രദ്ധിക്കാതെ എല്ലാ റിപ്പോർട്ടുകളും ഈ ആഫീസിലേക്ക് അയയ്ക്കുകയാണ്. കൂടുതലായി എണ്ണ അനുവദിക്കുന്നതിനുള്ള റിപ്പോർട്ടുകൾ ഒരു മാസം മുൻപെങ്കിലും ഈ ആഫീസിൽ ലഭിച്ചിരിക്കേണ്ടതാണെന്ന വിവരം ഒരിക്കൽ കൂടി എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരെയും അറിയിക്കുന്നു.

(ഒപ്പ്)
ദേവസ്വം കമ്മീഷണർ

പകർപ്പ്

1. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ- തിരുവനന്തപുരം, പത്തനംതിട്ട, ഹരിപ്പാട്, വൈക്കം
2. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ...........................
3. ഇ.ഡി.പി. സെക്ഷൻ
4. സർക്കുലർ ഫയൽ
5. സെക്ഷൻ ഫയൽ
6. ഫെയർ ഓഫീസ് കോപ്പി

Gayathri

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

ഉ 25/6